**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3152** **14-02-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2016 മുതൽ മാവേലിക്കര മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങളും അനുവദിച്ച തുകയും ലഭ്യമാക്കുമോ; | (എ) | 2016 മുതൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ തൽസ്ഥിതി വിശദമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതികളുടെ തൽസ്ഥിതി വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | 2016 മുതൽ മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (സി) | മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന 10 ജനകീയ മത്സ്യകൃഷി പദ്ധതികളും 8 പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതികളും നടപ്പിലാക്കി വരുന്നു . ടി മണ്ഡലത്തിൽ മത്സ്യകൃഷിക്കായി 6447 ഹെക്ടർ ഏരിയ മത്സ്യകൃഷിക്കായി ഉപയോഗിച്ച് വരുന്നു. ടി പദ്ധതികൾ എല്ലാം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ് .<br><br><u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ്, മത്സ്യഫെഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u><br><br>I)<u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികൾ</u><br><br>2016 മുതൽ മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് ആലപ്പുഴ ജില്ലയിലെ നൂറനാട് പടനിലം മത്സ്യമാർക്കറ്റ് നിർമ്മാണത്തിന് 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>II.<u> സാഫ് മുഖേനയുള്ള പദ്ധതികൾ</u><br><br>സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന മാവേലിക്കര മണ്ഡലത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസന പദ്ധതി |

നടപ്പിലാക്കി. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിച്ചു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്തു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിച്ചു. 5 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന 2 യൂണിറ്റുകൾ ആരംഭിച്ചു.

III. <u>മത്സ്യഫെഡ് മുഖേനയുള്ള പദ്ധതികൾ</u>

മാവേലിക്കര നിയോജക മണ്ഡലത്തിൽ മത്സ്യഫെഡിന്റെ 2 ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. 09/02/2019 ന് മാവേലിക്കരയിലും 19/05/2023 ന് നൂറനാട്ടും മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(1)ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)

മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ

മത്സ്യത്തൊഴിലാളികൾ പിടിച്ച് കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായ വില ഉറപ്പാക്കുവാൻ സംഘങ്ങൾ തീരദേശ ലേലം നടപ്പിലാക്കിവരുന്നു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേല സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുമായി ഐ.എഫ്.ഡി.പി പദ്ധതിയിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകിവരുന്നു.

(2)ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ

(എ) മൈക്രോഫിനാൻസ് വായ്പ

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി-യുടെയും എൻ.എം.ഡി.എഫ്.സി.-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു.
(ബി) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി

ഈ പദ്ധതി വഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 10000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ച നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

IV. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയുള്ള പദ്ധതികൾ

| | | | |
|---|---|---|---|
| | | | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പ്രധാനമായും തീരദേശ റോഡുകളുടെ പുനരുദ്ധാരണമാണ് നടപ്പിലാക്കുന്നത്. വിശദ വിവരം അനുബന്ധം-3 ആയി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതികളുടെ തൽസ്ഥിതി വിശദമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതികൾ എല്ലാം നിലവിൽ തുടർന്നു കൊണ്ടിരിക്കുന്നതും നടപ്പ് സാമ്പത്തിക വർഷത്തിലെ പദ്ധതികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമാണ്.<br><br>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ്, മത്സ്യഫെഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ<br><br>I. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികൾ<br><br>നൂറനാട് പടനിലം മത്സ്യമാർക്കറ്റ് നിർമ്മാണം ആരംഭ ഘട്ടത്തിലാണ്.<br><br>II. സാഫ് മുഖേനയുള്ള പദ്ധതികൾ<br><br>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസന പദ്ധതിയിലൂടെ ഗ്രാന്റ് അനുവദിച്ച ഒരു യൂണിറ്റ് നന്നായി പ്രവർത്തിച്ചുവരുന്നു. ഒരു യൂണിറ്റിന് ഒന്നാംഗഡു ധനസഹായം അനുവദിക്കുകയും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>III. മത്സ്യഫെഡ് മുഖേനയുള്ള പദ്ധതികൾ<br><br>നിലവിൽ മാവേലിക്കര മണ്ഡലത്തിലെ മത്സ്യഫെഡിന്റെ 2 ഫിഷ് മാർട്ടുകളും തൃപ്തികരമായി പ്രവർത്തിച്ചു വരുന്നു.<br><br>ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി) പ്രകാരം നൽകിയ മത്സ്യബന്ധന ഉപകരണ വായ്പയിൽ 8,52,952/- രൂപയും, ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫി.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടി നടപ്പിലാക്കിയ മൈക്രോ ഫിനാൻസ് വായ്പ പദ്ധതിയിൽ 3,55,328/- രൂപയുമാണ് തിരിച്ചടയ്ക്കുവാനുള്ളത്. മത്സ്യത്തൊഴിലാളി വനിതകൾക്ക് |

| | | | |
|---|---|---|---|
| | | | മത്സ്യവിപണനത്തിനായി നൽകി പലിശ രഹിത വായ്പ പൂർണ്ണമായും അടച്ചു തീർത്തിട്ടുണ്ട്.<br><br>IV. <u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയുള്ള പദ്ധതികൾ</u><br><br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ തൽസ്ഥിതി വിശദാംശങ്ങൾ അനുബന്ധം-3 കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| | കിഫ്ബി പദ്ധതി | |
| 1 | ആധുനിക മത്സ്യമാർക്കറ്റ്, താമരക്കുളം | 227.52 |
| 2 | ആധുനിക മത്സ്യമാർക്കറ്റ്, മാങ്കാംകുഴി | 176.13 |
| | സംസ്ഥാന ബഡ്ജറ്റ് പദ്ധതി | |
| 1 | പടനിലം പബ്ലിക്ക് മാർക്കറ്റ്, നൂറനാട് | 150.00 |

**<u>അനുബന്ധം-2</u>**

| ക്രമ നമ്പർ | പദ്ധതി | തൽസ്ഥിതി |
|---|---|---|
| 1 | ആധുനിക മത്സ്യമാർക്കറ്റ്, താമരക്കുളം | സ്ട്രക്ച്ചറൽ ഡിസൈൻ പൂർത്തീകരിച്ച് സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 2 | ആധുനിക മത്സ്യമാർക്കറ്റ്, മാങ്കാംകുഴി | സ്ട്രക്ച്ചറൽ ഡിസൈൻ പൂർത്തീകരിച്ച് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ പാക്കേജ് അപ്രൂവലിനായി കിഫ്ബിയുടെ പരിഗണനയിലാണ്. |
| 3 | പടനിലം പബ്ലിക്ക് മാർക്കറ്റ്, നൂറനാട് | ഡെമോലിഷൻ പൂർത്തീകരിച്ച്, നിർമ്മാണം ആരംഭഘട്ടത്തിൽ |

<u>അനുബന്ധം -3</u>

2016 മുതൽ മാവേലിക്കര നിയോജക മണ്ഡലത്തിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണം എന്ന പദ്ധതിയിൽ അനുവദിച്ച തീരദേശ റോഡുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| നം | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|
| | **2016-17** | |
| 1 | അശാൻ മുക്ക് - ഏലിയാസ് നഗർ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | വള്ളികുന്നം പഞ്ചായത്തിലെ വിവേകനന്ദ ജംഗ്ഷൻ - മാവോലിമുക്ക് റ്റി. എ. കനാൽ എസ്. എൻ. ഡി. പി. എച്ച്. എസ്. സ്കൂൾ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | വള്ളികുന്നം പഞ്ചായത്തിലെ പള്ളിക്കാത്തറ കൊട്ടാരത്തിൽ മുക്ക് റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | കല്ലികുന്നിൽ മുക്ക് - കുമ്പിളുമല പള്ളി റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| | **2017-18** | |
| 1 | നൂറനാട് പഞ്ചായത്ത് - നൂറനാട് പുലിമേൽ ചുനക്കര ബണ്ട് റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | നൂറനാട് പഞ്ചായത്ത് - നൂറനാട് - ചുനക്കര (പുലിമേൽ ചുനക്കര) ബണ്ട് റോഡ് | മേൽ റോഡിന്റെ ആവർത്തനം ആയതിനാൽ പ്രവൃത്തി റദ്ദ് ചെയ്തു. |
| 3 | വള്ളികുന്നം പഞ്ചായത്ത് - കഞ്ഞിരത്തുമ്മൂട് പുത്തൻചന്ത റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | താമരക്കുളം പഞ്ചായത്ത് താമരക്കുളം ജംഗ്ഷൻ - നെടുമ്പ്രാത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| | **2018-19 പ്രവൃത്തികൾ ഒന്നുമില്ല** | |
| | **2019-20** | |
| 1 | തഴക്കര പഞ്ചായത്തിലെ - വെട്ടിയാർ പാലം ആറ്റതീരം റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | മാവേലിക്കര മുൻസിപ്പാലിറ്റിയിലെ പ്രായിക്കര അച്ചൻകോവിലാർ തീരം റോഡ് | 21-12-2020-ൽ പ്രവർത്തി ഏറ്റെടുത്ത കരാറുകാരൻ നടപ്പിലാക്കാതെ വന്നതിനെ തുടർന്ന് ടിയാന്റെ നഷ്- |

| | | |
|---|---|---|
| | | ടോത്തരവാദിത്തതിൽ പ്രവൃത്തി പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി ടെണ്ടറും റീടെണ്ടറും നടത്തിയെങ്കിലും ആയതിൽ ആരും പങ്കെടുത്തില്ല. തുടർന്ന് റോഡിന്റെ നിലവിലെ അവസ്ഥ പരിഗണിച്ച് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 3 | മാവേലിക്കര നിയോജക മണ്ഡലത്തിലെ നൂറനാട് പഞ്ചായത്ത് പടനിലം ഫിഷ് മാർക്കറ്റ് - പറയംകുളം ജംഗ്ഷൻ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കര പഞ്ചായത്ത് - അച്ചൻകോവിലാർ അക്വാഡക്ട് - മാങ്കാംകുഴി കോട്ടമുക്ക് ജംഗ്ഷൻ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | തഴക്കര പഞ്ചായത്ത് മന്ദാലിൽ ക്ഷേത്രം നിറവിനാൽ കോളനി റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | തെക്കകാര ഗ്രാമപഞ്ചായത്തിലെ മാലിയേൽ എൽ. പി. എസ്. തെക്കേ ജംഗ്ഷൻ മുതൽ കുന്നത്തു ജംഗ്ഷൻ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| | **2020-21** | |
| 1 | മാവേലിക്കര നിയോജക മണ്ഡലത്തിലെ പാലമേൽ പഞ്ചായത്ത് - പാലമേൽ (നൂറനാട്) മാർക്കറ്റ് ജംഗ്ഷൻ - ഇടമല റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | മാവേലിക്കര നിയോജക മണ്ഡലത്തിലെ പാലമേൽ പഞ്ചായത്ത് ആദിക്കാട്ടുകുളങ്ങര ഫിഷ് മാർക്കറ്റ് ജംഗഷൻ - മണലാടി ജംഗ്ഷൻ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കര പഞ്ചായത്ത് കോട്ടമുക്ക് മുപ്പത്തിമുക്ക് ജംഗ്ഷൻ മുതൽ മാക്രിമട റോഡ് | പ്രവൃത്തി മറ്റൊരു വകുപ്പ് മുഖാന്തിരം പൂർത്തിയാക്കിയിട്ടുണ്ട്. ആയതിനാൽ ഭരണാനുമതി റദ്ദ് ചെയ്തു. |
| 4 | മാവേലിക്കര നിയോജക മണ്ഡലത്തിലെ പാലമേൽ പഞ്ചായത്ത് വാർഡ് നം. 11 ലെ പുങ്കുവിള മുതൽ പുതുക്കുളം റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | വള്ളികുന്നം ഗ്രാമപഞ്ചായത്തിലെ തെക്കേമുറി വാർഡ് നം. 13 ലെ കഞ്ഞിപ്പുഴ പള്ളിമുക്ക് പറയന്റെ കിഴക്കേതിൽ ജംഗ്ഷൻ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |

| | | |
|---|---|---|
| 6 | മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കര പഞ്ചായത്ത് വാർഡ് നം. 7 ലെ അച്ചൻകോവിലാർ - അക്വഡക്ട് മുതൽ മാങ്കാംകുഴി - കോട്ടമുക്ക് ജംഗ്ഷൻ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | തഴക്കര പഞ്ചായത്ത് വാർഡ് നം. 16 & 17 ലെ കോട്ടമുക്ക് തടത്തിൽ ഗുരുമന്ദിരം പെയ്കകുളം ഇരവങ്കര ഗവൺമെന്റ് എൽ. പി. എസ്. റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| **2021-22** | | |
| 1 | പാലമേൽ ഗ്രാമപഞ്ചായത്തിലെ ഇടഞ്ഞയ്യത്ത് ജംഗ്ഷൻ ചൂരൽ വായൽ ഏലാ-മായക്ഷിക്കാവ് റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | തെക്കേകര ഗ്രാമപഞ്ചായത്തിലെ അത്തോദയം തടിമിൽ മുതൽ ഇടക്കടവ് ട്രാൻസ്ഫോർമർ റോഡ് ടാറിംഗ് & സൈഡ് കോൺക്രീറ്റിംഗ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| **2022-23** | | |
| 1 | തഴക്കര പഞ്ചായത്ത് വെട്ടിയാർ പാലം - ആറ്റുതീരം റോഡ് & ഉണ്ടിത്തറ - മണപ്പുറത്ത് റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | നൂറനാട് - പുലിമേൽ ചുനക്കര ബണ്ട് റോഡ് ടാറിംഗ് & സൈഡ് കോൺക്രീറ്റിംഗ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| **2023-24** | | |
| 1 | നൂറനാട് - പുലിമേൽ ചുനക്കര ബണ്ട് റോഡ് ടാറിംഗ് & സൈഡ് കോൺക്രീറ്റിംഗ് | 03/12/2023-ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തി ഏർപ്പാടാക്കുന്നതിന് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |